പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.250 | 10/03/2017-ൽ മറുപടിക്ക്

അദ്ധ്യാപക പാക്കേജ്

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. റ്റി.വി. രാജേഷ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കിയപ്പോൾ എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവർക്ക് പുനർനിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) അദ്ധ്യാപക പാക്കേജ് സംബന്ധമായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം നിയമനാംഗീകാരം. അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം എന്നിവ സംബന്ധിച്ച് 29-1-2016-ലെ ജി.ഒ (പി) നമ്പർ 29/2016/പൊവിവ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ നടത്തിയ തസ്തിക നിർണ്ണയത്തിലൂടെ അധികമെന്നു കണ്ടെത്തിയ 3523 അദ്ധ്യാപകർക്കും 85 അനദ്ധ്യാപകർക്കുമാണ് ഇപ്പോൾ സംരക്ഷണം അനുവദിച്ചിട്ടുള്ളത്. ഈ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിനെയാണ് "അദ്ധ്യാപക ബാങ്ക്" എന്നു വിളിക്കുന്നത്. അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് 05/08/2016 ലെ ജി.ഒ (പി)നമ്പർ 134/2016/ പൊവിവ എന്ന ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) പതിനഞ്ചും ഇരുപതും വർഷങ്ങളായി അദ്ധ്യാപകരായി താൽക്കാലിക തസ്തികയിൽ ജോലി നോക്കുകയും സ്കെയിൽ ഓഫ് പേ അനുവദിച്ച് ശമ്പളം വാങ്ങിക്കുകയും ചെയ്ത പല അദ്ധ്യാപകരും പിന്നീട് സ്ഥിരം

(ബി) 29-01-2016-ലെ ജി.ഒ (പി) നമ്പർ 29/2016/പൊവിവ പ്രകാരം റഗുലർ തസ്തികയിൽ നിയമനാംഗീകാരത്തോടെ ജോലി നോക്കിയിരുന്നതും, തസ്തിക നഷ്ടം വന്ന് പുറത്തായതുമായ അദ്ധ്യാപക/

വേക്കൻസിയിൽ നിയമിക്കപ്പെട്ടപ്പോഴും ഡിവിഷൻ ഫോൾ ഉണ്ടാവുമ്പോൾ പ്രൊട്ടക്ഷൻ കിട്ടാതെ പുറത്തുപോകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

അനദ്ധ്യാപകർക്കാണ് നിലവിൽ സംരക്ഷണത്തിന് അർഹതയുള്ളത്.

നാളിതുവരെയുള്ള പ്രൊട്ടക്ഷൻ ഉത്തരവുകളെല്ലാം റഗുലർ (സ്ഥിരം) ഒഴിവുകളിൽ നിയമനാംഗീകാരം ലഭിച്ചവർക്കുവേണ്ടിയുള്ളതാണ്. അവധി ഒഴിവുകളിൽ, താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർക്കു കൂടി സംരക്ഷണാനുകൂല്യം നൽകുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ അവധി ഒഴിവുകളിൽ ജോലിനോക്കിയിരുന്നവർ പിന്നീട് റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെട്ട് അംഗീകാരം നേടുകയും, കാലാന്തരത്തിൽ തസ്തിക നഷ്ടപ്പെടുകയും ചെയ്താൽ അക്കാലത്ത് നിലവിലുള്ള സംരക്ഷണ ഉത്തരവ് പ്രകാരം അർഹതയുണ്ടെങ്കിൽ അവർക്കും സംരക്ഷണം നൽകുന്നതാണ്.

(സി) ഇത്തരം കേസുകളിൽ ഇവർക്ക് പ്രൊട്ടക്ഷൻ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) 31-03-2015 വരെ, 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളിൽ നിയമനാംഗീകാരം നേടിയ അർഹരായ എല്ലാ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ഇപ്പോൾ സംരക്ഷണം നൽകിയിട്ടുണ്ട്. ഈ തീയതി പരിഷ്കരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ